## പതിമൂന്നാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2886. 13/07/2015 ന് മറുപടിയ്ക്ക്

### ക്ലറിക്കൽ അസിസ്റ്റന്റുമാരുടെ പ്രമോഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റ്റി.യു.കുരുവിള | | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) | |
| എ) | സെക്രട്ടേറിയറ്റിലെ ക്ലറിക്കൽ അസിസ്റ്റന്റ് വരെയുള്ള ക്ലാസ്സ് 3,4 ജീവനക്കാരുടെ പ്രമോഷൻ യഥാസമയം നടത്തുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ; | എ) യും ബി) യും | സെക്രട്ടേറിയറ്റിൽ 4% ഒഴിവുകളാണ് താഴ്ന്ന വിഭാഗം ജീവനക്കാർക്ക് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് നീക്കി വെച്ചിരിക്കുന്നത്. സെക്രട്ടേറിയറ്റിൽ ക്ലറിക്കൽ അസിസ്റ്റന്റ്മാർ വരെയുള്ള താഴ്ന്ന വിഭാഗം ജീവനക്കാരിൽ തസ്തികമാറ്റം വഴി പ്രമോഷൻ നടത്തുന്നതിന് താഴ്ന്ന വിഭാഗം ജീവനക്കാരിൽ യോഗ്യരായവരെ അവരുടെ സെക്രട്ടേറിയറ്റ് പ്രവേശന തീയതിയുടെ അടിസ്ഥാനത്തിൽ സെലക്ട് ലിസ്റ്റ് തയ്യാർ ചെയ്ത് ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് പ്രമോഷൻ നൽകി വരുന്നു. |
| ബി) | ഇത്തരം ജീവനക്കാർക്ക് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | | |
| സി) | അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് താഴ്ന്ന വിഭാഗം ജീവനക്കാർക്ക് 10 ശതമാനം സംവരണം ഏർപ്പെടുത്തുമോ; | സി) | അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് താഴ്ന്ന വിഭാഗം ജീവനക്കാർക്ക് 10% സംവരണം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലില്ല. |
| ഡി) | നിലവിൽ ഈ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ? | ഡി) | അസിസ്റ്റന്റ് തസ്തികയിൽ നിലവിൽ തസ്തികമാറ്റം വഴി നിയമനത്തിനുള്ള മൂന്ന് ഒഴിവുകൾ ഉണ്ട്. |

സെക്ഷൻ ഓഫീസർ